# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 593 29.10.2019- ൽ മറുപടിക്ക്

### കൊരട്ടിയിലെ വൈഗൈ ത്രഡ്സിന്റെ ഭൂമി തിരിച്ചെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിൽ വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ സർക്കാർ കമ്പനിയ്ക്ക് പാട്ടത്തിനു നൽകിയ സ്ഥലം തിരിച്ചെടുക്കുന്നതിനും ആയത് മറ്റു വികസന ആവശ്യങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനും കമ്പനിയിലെ മുൻതൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) കൊരട്ടി വൈഗൈ ത്രഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്കു സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85½ ഏക്കർ ഭൂമിയിൽ 7.85½ ഏക്കർ ഭൂമി എൻ.എച്ച് വിപുലീകരണത്തിനും 1 ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിന് ശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂവകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി.വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്തു ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു.കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടു തന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്തു ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു.ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. |

ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയിൽ പ്രവേശിക്കുവാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

വൈഗ ത്രഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിന് 11.07.2018 ന് ചേർന്ന യോഗതീരുമാന പ്രകാരം തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഒരു പാക്കേജ് ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നുവെങ്കിലും നിലവിലുള്ള കോടതി വ്യവഹാരത്തിനു ശേഷമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ